പരിശോധിക്കുന്നതിനും അനുമതി നൽകുന്നതിനുമായി ഡയറക്ടർ/ജോയിന്റ് ഡയറക്ടർ, രണ്ട് കോളേജുകളിലെയും പ്രിൻസിപ്പൽമാർ, ഫിനാൻസ് ഓഫീസർ/ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ജോയിന്റ് ഡയറക്ടർ ഓഫ് ടെക്നിക്കൽ എഡ്യൂക്കേഷൻ എന്നിവർ മെമ്പറായുള്ള ഒരു സ്ക്രൂട്ടനൈസിംഗ് കമ്മിറ്റി രൂപീകരിക്കുകയും പ്രസ്തുത കമ്മിറ്റിയുടെ മിനിട്ട്സ് പ്രകാരം അപേക്ഷകൾ QIP സെന്ററുകളിലേക്ക് അയച്ചുകൊടുക്കുകയും ചെയ്യുന്നു.

(ബി) സ്ക്രൂട്ടനൈസിംഗ് കമ്മിറ്റിയുടെ തീരുമാനപ്രകാരം അപേക്ഷകൾ പരിശോധിച്ച് പ്രസ്തുത കമ്മിറ്റിയുടെ മിനിട്ട്സിന്റെ അടിസ്ഥാനത്തിലാണ് അദ്ധ്യാപകർ സമർപ്പിക്കുന്ന അപേക്ഷകൾ QIP പ്രോഗ്രാമിലേക്ക് അയയ്ക്കാൻ തെരഞ്ഞെടുക്കുന്നത്.

(സി) ഉണ്ട്. സ്ക്രൂട്ടനൈസിംഗ് കമ്മിറ്റിയുടെ തീരുമാനപ്രകാരമാണ് അപേക്ഷകൾ പരിഗണിച്ചത്.

സ്കൂളുകളിലെ അനദ്ധ്യാപകർ

13(4616) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ കലോത്സവ മാന്വലിൽ അനദ്ധ്യാപകരെ സംഘാടക സമിതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഹയർ സെക്കണ്ടറി വിദ്യാലയങ്ങളിൽ ഓഫീസ് സ്റ്റാഫിനെ നിയമിക്കുന്നതിനും, അനദ്ധ്യാപക ബാങ്ക് നടപ്പാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) എയ്ഡഡ് സ്കൂൾ ക്ലാർക്കുമാർക്ക് ലഭിച്ചുകൊണ്ടിരുന്ന ഗ്രേഡ് സ്കെയിൽ നഷ്ടപ്പെട്ടത്, കഴിഞ്ഞ ശമ്പള പരിഷ്കരണ പ്രാബല്യ തീയതി മുതൽ പുനഃസ്ഥാപിച്ചു നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സ്കൂൾ കലോത്സവ മാന്വൽ പരിഷ്കരിക്കുന്ന വേളയിൽ ഇത് പരിഗണിക്കാവുന്നതാണ്.

(ബി) ഹയർസെക്കണ്ടറി വിദ്യാലയങ്ങളിൽ ഓഫീസ് സ്റ്റാഫിനെ നിയമിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. അനദ്ധ്യാപക ജീവനക്കാരായി ലാബ് അസിസ്റ്റന്റുമാർ മാത്രമാണുള്ളത്. ഈ തസ്തികയിൽ അധിക ജീവനക്കാരില്ലാത്തതിനാൽ അനദ്ധ്യാപക ബാങ്ക് നടപ്പാക്കേണ്ടതില്ല.

(സി) പത്താം ശമ്പള പരിഷ്കരണ കമ്മീഷൻ നിലവിൽ വന്നതിനാൽ ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly